# Malayala Manorama
# 30 August 2018
# Kochi; Post-Flood Health Emergrncy Meeting



# പ്രളയാനന്തര ആരോഗ്യരക്ഷ: അടിയന്തര യോഗം ഇന്ന്

■ വീട്ടമ്മയുടെ മരണം എലിപ്പനി ബാധയെന്ന സംശയത്തിലാണ് അടിയന്തര നടപടികൾ

■ പനിയും ശരീരവേദനയുമായി വരുന്നവരെ പരിശോധനയ്ക്കു വിധേയരാക്കും

കൊച്ചി ● പ്രളയദുരിതത്തിന്റെ രണ്ടാം ഘട്ടമായ ആരോഗ്യപ്രശ്നങ്ങൾ ജില്ലയിൽ ആരംഭിച്ചതായി സംശയം. പറവൂർ ഗോതുരുത്ത് കടൽവാതുരുത്ത് ചിറയിൽ സി.ടി. ദാസന്റെ ഭാര്യ സതി (45) മരിച്ചത് എലിപ്പനി ബാധിച്ചാണെന്ന സംശയത്തിൽ സ്രവ സാംപിളുകൾ വിശദ പരിശോധനയ്ക്ക് അയച്ചു. ലാബിൽനിന്നുള്ള പരിശോധനാഫലം ലഭ്യമായിട്ടില്ലെങ്കിലും അടിയന്തര നടപടികൾക്കായി സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ളവരുടെ യോഗം ഇന്നു വിളിച്ചു ചേർക്കാൻ ആരോഗ്യ വകുപ്പ് അധികൃതർ തീരുമാനിച്ചു. ഒരു ഡോക്ടർ മാത്രമുള്ള ക്ലിനിക്കുകളിലും സ്വകാര്യ ആശുപത്രികളിലും പനിയും ശരീരവേദനയുമായി എത്തുന്നവരെ എലിപ്പനി പരിശോധനയ്ക്കു വിധേയരാക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദേശിച്ചു.

ജില്ലയിൽ ഈ വർഷം ഏറ്റവും കൂടുതൽ പേർ എലിപ്പനി ലക്ഷണങ്ങളോടെ ചികിൽസ തേടിയത് ഈ മാസമാണ്. 59 പേരെ പരിശോധിച്ചതിൽ ഏഴു പേരിൽ എലിപ്പനി സ്ഥിരീകരിച്ചിരുന്നു. 132 പേർ വയറിളക്കത്തെത്തുടർന്ന് ചികിൽസ തേടിയപ്പോൾ അങ്കമാലിയിൽ ഹെപ്പറ്റൈറ്റിസ് എ ലക്ഷണങ്ങളോടെ ഒരാൾ ചികിൽസയിലുണ്ട്. ഇടക്കൊച്ചി, മുണ്ടൻവേലി, തൃക്കാക്കര, കളമശേരി എന്നിവിടങ്ങളിൽ നാലു പേർക്കു ഡെങ്കി ബാധയും സംശയിക്കുന്നു.

## ക്യാംപിൽനിന്നു മടങ്ങിയ വീട്ടമ്മ പനിമൂലം മരിച്ചു

പറവൂർ ● ദുരിതാശ്വാസ ക്യാംപിൽനിന്നു മടങ്ങിയ വീട്ടമ്മ പനി ബാധിച്ചു മരിച്ചു.

ഗോതുരുത്ത് കടൽവാതുരുത്ത് ചിറയിൽ സി.ടി. ദാസന്റെ ഭാര്യ സതി (45) ആണു മരിച്ചത്. എലിപ്പനി ആണോയെന്ന സംശയത്തിൽ ശ്രവസാംപിൾ വിശദ പരിശോധനയ്ക്ക് അയച്ചു.

സതി.

പ്രളയത്തിൽ വീട്ടിൽ വെള്ളം കയറിയതിനാൽ ഇവർ കടൽവാതുരുത്തിലെ ദുരിതാശ്വാസ ക്യാംപിലായിരുന്നു. ക്യാംപ് വിട്ടശേഷം സതിയുടെ സ്വദേശമായ കൊടുങ്ങല്ലൂർ എടമുട്ടത്തേക്കു പോയി. പനി പിടിപെട്ടു കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ചികിൽസ തേടി. പനി കൂടിയതോടെ എറണാകുളം ജനറൽ ആശുപത്രിയിലേക്കും തുടർന്നു കളമശേരി മെഡിക്കൽ കോളജിലേക്കും മാറ്റി.

ചൊവ്വാഴ്ച രാത്രി എട്ടുമണിയോടെയാണു സതി മരിച്ചത്. പനി, മുട്ടുവേദന, കാലുവേദന, വയറിളക്കം, ഛർദി തുടങ്ങിയ ലക്ഷണങ്ങളാണുണ്ടായിരുന്നത്. സംസ്കാരം നടത്തി. മക്കളില്ല.

മലിനജലവും മറ്റു സാഹചര്യങ്ങളും എലിപ്പനി പടരാൻ കാരണമാകുമോ എന്ന ആശങ്ക മുൻപേ തന്നെ ആരോഗ്യ വകുപ്പ് ഉന്നയിച്ചിരുന്നു. പ്രതിരോധത്തിനുള്ള മുന്നൊരുക്കവും ബോധവൽക്കരണവും അധികൃതർ ആരംഭിച്ചിരുന്നു.

### ■ എലിപ്പനി

എലിപ്പനിക്കുള്ള സാധ്യത കൂട്ടുന്നു. ലെപ്റ്റോസ്പൈറ എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗമാണ് എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ്. കാർന്നുതിന്നുന്ന ജീവികളായ എലി, അണ്ണാൻ, മരപ്പട്ടി എന്നിവയിലും പൂച്ച, പട്ടി തുടങ്ങിയ ഒരു ഡസനോളം ജന്തുക്കളിലും ഈ രോഗാണുക്കളെ കണ്ടെത്തിയിട്ടുണ്ട്.

### ■ രോഗം പകരുന്ന രീതി

രോഗാണു വാഹകരായ ജീവികളുടെ മൂത്രം കലർന്ന ജലമോ മണ്ണോ മറ്റുവസ്തുക്കളോ വഴിയുള്ള സമ്പർക്കത്തിൽക്കൂടിയാണ് രോഗം പകരുന്നത്. ഒരു രോഗിയിൽനിന്നു മറ്റൊരാളിലേക്കു രോഗം പകരുക അപൂർവമാണ്. ബാക്ടീരിയ ശരീരത്തിൽ പ്രവേശിച്ചാൽ നാലു മുതൽ 19 ദിവസത്തിനുള്ളിൽ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും.

### ■ ലക്ഷണങ്ങൾ

ശക്തമായ പനി, തലവേദന, പേശിവേദന, സന്ധിവേദന, മൂത്രത്തിനു കടുത്ത മഞ്ഞനിറം, ഓക്കാനം, ഛർദി, വയറിളക്കം, കണ്ണിൽ ചുവപ്പ് നിറം. രോഗം മൂർച്ഛിച്ചാൽ രക്തസ്രാവം, മൂത്രത്തിന്റെ അളവ് കുറയുക എന്നിവ കാണപ്പെടാം. വൈവിധ്യമുള്ള ലക്ഷണങ്ങളോടെ എലിപ്പനി പ്രത്യക്ഷപ്പെടാം എന്നതുകൊണ്ട് മലമ്പനി, ഡെങ്കിപ്പനി, വൈറൽ ഹെപ്പറ്റൈറ്റിസ് എന്നിവയെല്ലാമായി രോഗം സംശയിക്കപ്പെട്ടേക്കാം.

### ■ പ്രതിരോധം

എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളിക എല്ലാവരും കഴിക്കേണ്ടതില്ല. ചെളിവെള്ളത്തിൽ ഇറങ്ങി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ മാത്രം ആഴ്ചയിലൊരിക്കൽ ...യായി രണ്ട് ഗുളികകൾ (200 മില്ലിഗ്രാം) ആഹാരത്തിനുശേഷം കഴിക്കണം. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ കട്ടികൂടിയ റബർ കാലുറകളും കയ്യുറകളും ധരിക്കണം. കൈകാലുകളിൽ പോറലോ മുറിവോ ഉള്ളവർ ഉണങ്ങുന്നതുവരെ ഇത്തരം ജോലികളിൽനിന്നു വിട്ടുനിൽക്കണം.

### ■ കരുതൽ വേണം

ശുചീകരണത്തിനു ബ്ലീച്ചിങ് പൗഡർ വീടിനു ചുറ്റും കൂടെക്കൂടെ വിതറരുത്. പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഉണ്ടാകും. ആരോഗ്യപ്രവർത്തകരുടെ നിർദേശങ്ങൾ സ്വീകരിക്കുക. പനിയോ വയറിളക്കമോ ശ്രദ്ധയിൽപ്പെട്ടാൽ ആശുപത്രിയിൽ എത്തണം. ഡോക്ടറുടെ നിർദേശാനുസരണം മാത്രമേ ടി.ടി. വാക്സിൻ എടുക്കേണ്ടതുള്ളൂ.

### ■ ശുദ്ധജലം പരിശോധിക്കാം

ചാലക്കുടി, പറവൂർ ജല അതോറിറ്റി സബ് ഡിവിഷൻ ഓഫിസുകൾ, ആലുവ ജല അതോറിറ്റി പ്ലാന്റ്, നെട്ടൂർ ജല അതോറിറ്റി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ കിണറുകളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനു ക്വാളിറ്റി കൺട്രോൾ സെന്ററുകൾ പ്രവർത്തനം തുടങ്ങി. പത്തു മുതൽ അഞ്ചു വരെയാണ് സമയം. ഫോൺ: